# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD(8)/302/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/05/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-10 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3) അസി. ഡെവലപ്പ്മെന്റ് കമ്മീഷണർ, പാലക്കാട്
4)കാര്യാലയ പകർപ്പ്

നമ്പർ: KSA.PKD(8)/302/22 തീയ്യതി: 18/05/2022

## പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2020 മുതൽ 11-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിനോദ് ശ്രീധർ | സീനിയർ ഡപ്യൂട്ടി ഡയറക്ടർ | 12-01-2022 | 18-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-01-2022 | 18-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നസ്സീർ..ടി.കെ -ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഉഷാകുമാരി .വി.ടി -അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.താരീഖ് .എം.എസ് -സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷരീഫ് .ഒ.പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.രതീഷ് .ആർ ദാസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിലകുമാരൻ.സി | അസി.എക്സി.എൻജിനിയർ | 01-04-2019 | 31-03-2020 |
| ഡോ.റാബിയ .സി.പി | മെഡിക്കിൽ ഓഫീസർ (CHC) | 01-04-2019 | 31-03-2020 |
| ശ്രീ.വിജയചന്ദ്രൻ .വി | കഷി അസി.ഡയറക്ടർ | 01-04-2019 | 10-07-2019 |
| ശ്രീമതി.ശാന്തിനി.എസ് | കൃഷിഅസി.ഡയറക്ടർ (ചാർജ്ജ്) | 11-07-2019 | 21-07-2019 |
| ശ്രീ.ഷാജൻ.ടി.കെ | കഷിഅസി.ഡയറക്ടർ | 22-07-2019 | 31-03-2021 |
| ശ്രീമതി.ജിജി ജോൺ | ശിശു വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.രാജേഷ് കുമാർ. | വ്യവസായ വികസന ഓപീസർ | 01-04-2019 | 31-03-2020 |
| ഡോ.ഷാജി പണിക്കാശ്ശേരി | സീനിയർ വെറ്റിനറി സർജ്ജൻ | 01-04-2019 | 30-06-2019 |
| ഡോ.ബിന്ദു.വി | സീനിയർ വെറ്റിനറി സർജ്ജൻ | 01-07-2019 | 09-12-2019 |
| ഡോ.,ഷാജി.കെ.സി | സീനിയർ വെറ്റിനറി സർജ്ജൻ | 10-12-2019 | 31-03-2020 |
| ശ്രീ.ജയപ്രകാശ് | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.വിജയൻ .കെ | പട്ടികജാതി വികസന ഓഫീസർ | 15-04-2019 | 07-11-2019 |
| ശ്രീ.ജയപ്രകാശ് .പി.എൻ | പട്ടികജാതി വികസന ഓഫീസർ | 08-11-2019 | 20-11-2019 |
| ശ്രീ.വിജയൻ.കെ | പട്ടികജാതി വികസന ഓഫീസർ | 21-11-2019 | 13-01-2020 |
| ശ്രീമതി.സജിനി.പി.എം | പട്ടികജാതി വികസന ഓഫീസർ | 14-01-2020 | 04-02-2020 |
| ശ്രീ.വിജയൻ.കെ | പട്ടികജാതി വികസന ഓഫീസർ | 05-02-2020 | 20-02-2020 |

| | | | |
|---|---|---|---|
| ശ്രീ.സെബാസ്റ്റ്യൻ പ്രിൻസ് | പട്ടികജാതി വികസന ഓഫീസർ | 21-02-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-1 |
| 2 | ബജറ്റ് - 1994ലെ കേരളപഞ്ചായത്ത് രാജ് നിയമം 214ാം വകുപ്പ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: M.S.Tharick (Senior Grade Auditor, On 29-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-2 |
| 4 | വാർഷിക കണക്ക് അപാകതകൾ<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 09-06-2022) | 1-2-1 |
| 5 | ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 31-01-2022)<br>Last Updated By: Anish A (Computer Assistant, On 09-06-2022) | 1-2-2 |
| 6 | തനതുഫണ്ട് സൂക്ഷിപ്പിനായി രണ്ട് ബാങ്ക് അക്കൗണ്ടുകളുടെ ആവശ്യകത അറിയിക്കേണ്ടതാണ്.<br>Written By: M.S.Tharick (Senior Grade Auditor, On 29-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-2-3 |
| 7 | സാമ്പത്തിക വിശകലനം<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: V.T. Ushakumari (Asst. Audit Officer, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-4 |
| 9 | ഫണ്ട് വിനിയോഗം -3.27 കോടി ലാപ്സായി<br>Written By: V.T. Ushakumari (Asst. Audit Officer, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-4-1 |
| 10 | പദ്ധതി അവലോകനം<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-5 |
| 11 | ക്യാഷ് പരിശോധന<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-6 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: V.T. Ushakumari (Asst. Audit Officer, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-7 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: V.T. Ushakumari (Asst. Audit Officer, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-9 |
| 15 | മിനുട്ട്സ് പരിശോധന-ബ്ലോക്ക് പഞ്ചായത്ത് യോഗം, സ്റ്റിയറിങ്ങ് കമ്മിറ്റി യോഗങ്ങൾ<br>Written By: M.S.Tharick (Senior Grade Auditor, On 29-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-10 |
| 16 | ഷോപ്പിങ് കോംപ്ലക്സ് വാടക കുടിശ്ശിക – 126505/- ഈടാക്കിയിട്ടില്ല | 1-11 |

| | | |
|---|---|---|
| | Written By: M.S.Tharick (Senior Grade Auditor, On 30-01-2022)<br>Last Updated By: Anish A (Computer Assistant, On 09-06-2022) | |
| 17 | ബ്ലോക്ക് പഞ്ചായത്ത് വിവിധ ഷോപ്പിംഗ് കോംപ്ലക്സ് - ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയില്ല<br>Written By: M.S.Tharick (Senior Grade Auditor, On 31-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-11-1 |
| 18 | രശീതി വരവ് യഥാസമയം ബാങ്കിൽ അടവാക്കുന്നില്ല-19222/-രൂപ അടവിൽ കുറവ്<br>Written By: M.S.Tharick (Senior Grade Auditor, On 30-01-2022)<br>Last Updated By: Anish A (Computer Assistant, On 09-06-2022) | 1-12 |
| 19 | മരാമത്ത് -റീടെൻഷൻ തിരികെ നൽകൽ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: V.T. Ushakumari (Asst. Audit Officer, On 31-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-13 |
| 20 | TSC ഫണ്ട് വകമാറ്റി ചെലവഴിച്ചു<br>Written By: V.T. Ushakumari (Asst. Audit Officer, On 31-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-14 |
| 21 | ക്ഷീരവികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ/പ്രിന്റർ വാങ്ങൽ - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല<br>Written By: M.S.Tharick (Senior Grade Auditor, On 29-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-15 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-രേഖകൾ ഹാജരാക്കിയിട്ടില്ല-18,00,000/- തടസ്സപ്പെടുത്തുന്നു.<br>Written By: M.S.Tharick (Senior Grade Auditor, On 29-01-2022)<br>Last Updated By: Anish A (Computer Assistant, On 09-06-2022) | 1-16 |
| 23 | കോൺട്രാക്ടറിൽ നിന്നും IT ഈടാക്കിയിട്ടില്ല<br>Written By: V.T. Ushakumari (Asst. Audit Officer, On 31-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-17 |
| 24 | നടപടിക്രമങ്ങൾ പാലിക്കാതെ താൽക്കാലിക ജീവനക്കാരെ നിയമിച്ചത് സംബന്ധിച്ച്<br>Written By: V.T. Ushakumari (Asst. Audit Officer, On 31-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-18 |
| 25 | NCFRW വർക്ക് -കൺവീനർക്ക് അധിക തുക അനുവദിച്ചു<br>Written By: V.T. Ushakumari (Asst. Audit Officer, On 09-03-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-19 |
| 26 | മരാമത്ത് -കരാർ ചമയ്ക്കുന്നതിൽ കാലതാമസം ഫൈൻ ഈടാക്കിയിട്ടില്ല.65367/-രൂപ നഷ്ടം<br>Written By: T.K.Naseer (Audit Officer, On 28-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-20 |
| 27 | മരാമത്ത് -പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ-251220/-രൂപ നഷ്ടം<br>Written By: T.K.Naseer (Audit Officer, On 28-01-2022)<br>Last Updated By: Anish A (Computer Assistant, On 09-06-2022) | 1-21 |
| 28 | റോഡ് ടാറിങ് -ടാർ ബാരൽ വില കുറവ് ചെയ്തിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 28-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-22 |
| 29 | CHC ക്വാർട്ടേഴ്സ് റിപ്പയർ-ഷീറ്റ് വർക്ക് അധികനിരക്ക് അനുവദിച്ചു<br>Written By: T.K.Naseer (Audit Officer, On 28-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-23 |
| 30 | പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്തുകൾക്ക് രേഖാമൂലം കൈമാറുന്നില്ല<br>Written By: T.K.Naseer (Audit Officer, On 28-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-24 |

| | | |
|---|---|---|
| 31 | പൂർത്തീകരിച്ച് അംഗനവാടി കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് രേഖാമൂലം കൈമാറിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 29-01-2022)<br>Last Updated By: Anish A (Computer Assistant, On 09-06-2022) | 1-25 |
| 32 | ബ്ലോക്ക് തല ഉൽപ്പന്ന വിപണനകേന്ദ്രങ്ങളുടെ (വനിത)നിർമ്മാണം-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 29-01-2022)<br>Last Updated By: Anish A (Computer Assistant, On 09-06-2022) | 1-26 |
| 33 | പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് -മോണിട്ടറിങ് കാര്യക്ഷമമല്ല<br>Written By: T.K.Naseer (Audit Officer, On 29-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-27 |
| 34 | റോഡ് നിർമ്മാണം -കോൺക്രീറ്റിന് മുൻഗണന നൽകുന്നത് സംബന്ധിച്ച്<br>Written By: T.K.Naseer (Audit Officer, On 29-01-2022)<br>Last Updated By: Anish A (Computer Assistant, On 09-06-2022) | 1-28 |
| 35 | ധനവിനിയോഗ രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു<br>Written By: V.T. Ushakumari (Asst. Audit Officer, On 31-01-2022)<br>Last Updated By: Anish A (Computer Assistant, On 09-06-2022) | 1-29 |
| 36 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 31-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-30 |
| 37 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 31-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-30-1 |
| | **ഭാഗം 2** | |
| 1 | രശീതി വരവ് യഥാസമയം ബാങ്കിൽ അടവാക്കുന്നില്ല-19222/-രൂപ അടവിൽ കുറവ്<br>Written By: M.S.Tharick (Senior Grade Auditor, On 31-01-2022)<br>Last Updated By: Anish A (Computer Assistant, On 09-06-2022) | 2-1 |
| | **ഭാഗം 3** | |
| 1 | NCFRW വർക്ക് -കൺവീനർക്ക് അധിക O.H അനുവദിച്ചു<br>Written By: V.T. Ushakumari (Asst. Audit Officer, On 09-03-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 1-3 |
| 2 | NCFRW വർക്ക് -കൺവീനർക്ക് അധിക O.H അനുവദിച്ചു<br>Written By: V.T. Ushakumari (Asst. Audit Officer, On 09-03-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: M.S.Tharick (Senior Grade Auditor, On 13-01-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: M.S.Tharick (Senior Grade Auditor, On 13-01-2022) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: M.S.Tharick (Senior Grade Auditor, On 13-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: M.S.Tharick (Senior Grade Auditor, On 13-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: M.S.Tharick (Senior Grade Auditor, On 13-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.S.Tharick (Senior Grade Auditor, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 20-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

17-03-2020 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കിയിട്ടില്ല. ബജറ്റ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1135610 |
| വരവ് | 493082390 |
| ആകെ | 494218000 |
| ചെലവ് | 493038000 |
| നീക്കിയിരിപ്പ് | 1180000 |

### 1-1-1 ബജറ്റ് - 1994ലെ കേരളപഞ്ചായത്ത് രാജ് നിയമം 214ാം വകുപ്പ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

30.01.2019ലെ ഭരണസമിതി തീരുമാന നമ്പർ 1/1/2019-20 പ്രകാരമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കിയിട്ടില്ല.

1994ലെ കേരളപഞ്ചായത്ത് രാജ് നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല.

നിർദ്ദേശം- ഭാവിയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട നിയമങ്ങളും നിർദ്ദേശങ്ങളും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 29-06-20 | - | - |

### 1-2-1 വാർഷിക കണക്ക് അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

| ബാങ്ക്-അക്കൗണ്ട് നമ്പർ വിവരങ്ങൾ | വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് | ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | ബാങ്ക് സേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| Vijaya Bank, Mnkd | 145867 | 144414 | 132193 |
| Ubi, Mnkd | 95237 | 95237 | 144413 |

| | | | |
|---|---|---|---|
| Treasury TSB | 1774057 | 1774057 | 1824762 |
| Vijaya Bank TSC- | 710295 | 710301 | 710295 |
| Punjab National Bank, IAY PLAN | 27804327 | 29679590 | 27804327 |
| Punjab National Bank, SDF,MLA/MP | 741641 | 741641 | 759991 |
| IOB-IAY-central Share | 75974 | 70210 | 75974 |
| Punjab National Bank, IAY State Share | - 200000 | -200000 | 200000 |
| Treasury Special TSB, Joint Venture | 4453135 | 4453135 | 2129735 |

മേൽ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് ഒന്നും തന്നെ ബാങ്ക് ബുക്കുമായും എ.എഫ്.എസ്സുമായും പൊരുത്തപ്പെടുന്നില്ല.

1) RP-5 പ്രകാരം ടെണ്ടർ ഫോം ഇനത്തിൽ 195015/- രൂപ വരവുണ്ട്. വരവുകളുടെ കൃത്യത ഉറപ്പുവരുത്തുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) ബി-11 ഷെഡ്യൂൾ പ്രകാരം ആസ്തികൾക്ക് ഡിപ്രീസ്യേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ബി.3) എന്നത് Fixed Assets (B-11) ന്റേയും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (B-11(a)) യുടേയും ആകെ തുക ആയിരിക്കണം. എന്നാൽ സ്ഥാപനത്തിന്റെ എ.എഫ്.എസ് പരിശോധിച്ചതിൽ ഇവ തമ്മിൽ 4,65,21418/- രൂപയുടെ വ്യത്യാസം കാണുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) B-9 Schedule പ്രകാരം Other Dues Payable ~~TDS-GST~~ ഇനത്തിൽ-46644- രൂപ കാണിച്ചിട്ടുണ്ട്. ആയത് പരിശോധിക്കുവാൻ ഫയൽ ഹാജരാക്കിയിട്ടില്ല.

5) വാടകയിനത്തിൽ B-15 Schedule പ്രകാരം മൈനസ് തുക 14345/- ആണ് കാണിച്ചിരിക്കുന്നത് എന്നാൽ രജിസ്റ്റർ പ്രകാരം 119125- ബാക്കി പിരിച്ചെടുക്കുവാൻ ഉള്ളതായി കാണിച്ചിട്ടുണ്ട്.

6) വിവിധ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ടെണ്ടർ ഫീ വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

8)വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ ഷെഡ്യൂൾ RP-5 പ്രകാരം Sale Of Empties And Waste Materials ഇനത്തിൽ 24728- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ആധികാരിത പരിശോധിക്കാൻ ഫയൽ ഹാജരാക്കേണ്ടതാണ്.

9) വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം വായ്പ ഇനത്തിൽ ബാക്കി നിൽക്കുന്ന തുക 1821605- രൂപയുമാണ് . ഇത് പരിശോധിക്കുവാനായി ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

10) വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-6 ഷെഡ്യൂൾ(un Secured Loan From Other Financial Institutions) പ്രകാരം വായ്പ ഇനത്തിൽ ബാക്കി നിൽക്കുന്ന തുക 9,99,826/- രൂപയുമാണ് . ഇത് പരിശോധിക്കുവാനായി ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിൽ ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കുക.

11). സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിക്കായി 130391/-രൂപ വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP-31 ഷെഡ്യൂളിൽ വരവ് കാണിച്ചിട്ടുണ്ട്. ആയത് പരിശോധിക്കുവാനായി എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

12). താഴെപ്പറയുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള നീക്കിയിരിപ്പും അവയുടെ B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

| ഗ്രാന്റിന്റെ പേര് | ഷെഡ്യൂൾ B-4 പ്രകാരമുള്ള നീക്കിയിരിപ്പ് | ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (B-17 ഷെഡ്യൂൾ) |
|---|---|---|
| Centrally Sponsored Scheme-Indira Awas Yojana(IAY)-General | 26861747 | 27804327 |
| Centrally Sponsored Scheme-Total Sanitation Campaign(IAY) | 2137366 | 710295 |

13. ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

14) വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് നീക്കിയിരിപ്പ് 22,942,345/- രൂപയാണ്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഹെഡ് വൈസ് അക്കൗണ്ട് എഴുതി നീക്കിയിരിപ്പ് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആയത് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

15) വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ചർ പദ്ധതികളിൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി ആകെ 9,58,93000/-രൂപയാണ് കാണുന്നത്. എന്നാൽ ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂളിലെ ട്രഷറി സ്പെഷ്യൽ ടി.എസ്.പി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായി 4453135/- രൂപ കാണുന്നു. വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

16). വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് B-18 പ്രകാരം 3,206,378/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഇത് പരിശോധിക്കുവാനായി അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

17)എല്ലാ മാസങ്ങളിലും എല്ലാ അക്കൗണ്ടുകളുടെയും ബാങ്ക് റീക്കൺസിലിയേഷൻ നടത്തി റീക്കൺസിലിയേഷൻ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത് ചെയ്തിട്ടില്ല.

18) 31-03-2020 ൽ ബാങ്ക്അക്കൗണ്ടുകളുമായി റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

19) ഗുണഭോക്തൃ വിഹിതം ഇനത്തിൽ ബാലൻസ് ഷീറ്റ് പ്രകാരം 369000/- രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. ആയത് ക്രമീകരിച്ചിട്ടില്ല.

20) ആസ്തികളുടെ ഡിപ്രിസിയേഷൻ കണക്കാക്കിയത് വാർഷിക ധനകാര്യ പത്രിക ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

21) B-4 Schedule പ്രകാരമുള്ള ഇനങ്ങളുടെ തുകകൾ 2018-19 വർഷത്തിലേതും 2019-20 വർഷ ത്തിലേതും ഒരേതുതന്നെയാണ്. അപ്രകാരം വരാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

22) നിരുത്തരവാദപരമായി വാർഷിക കണക്ക് തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കേ ണ്ടതാണ്.

23) തെറ്റായ വാർഷിക കണക്ക് സാക്ഷ്യപ്പെടുത്തി സമർപ്പിച്ചതിന് ഓഫീസ് മേധാവി വിശദീകരണം

ലഭ്യമാക്കേണ്ടതാണ്. (എൻക്വയറി നം:12/19-20/17.1.2022)

### 1-2-2 ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2019-20 വാർഷിക കണക്കുകളുടെ സർട്ടിഫിക്കേഷന്റെ ഭാഗമായി കണക്കുകൾ തയ്യാറാക്കിയതിനാസ്പദമായ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും ലോൺ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. ലൈഫ് ഭവന പദ്ധതിയ്ക്കായി ലഭിച്ച വായ്പ തുക, തൻവർഷത്തെ ലോൺ മുന്നിരിപ്പ്, തൻവർഷം ലഭിച്ച വായ്പ തുക, തിരിച്ചടച്ച തുക(മുതൽ, പലിശ), തിരിച്ചടക്കാൻ ബാക്കിയുള്ള തുക എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കൃത്യമായും കാലികമായും എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ നിന്നും തുകകളുടെ വിവരം ലഭ്യമാകുമെന്നാലും ലോൺ ലഭിച്ച തുക, തിരിച്ചടവ്, ഇനി അടവാക്കാനുള്ള തുക എന്നീ കാര്യങ്ങളിലെ കൃത്യത ഉറപ്പാക്കുന്നതിനായി ലോൺ രജിസ്റ്റർ കാലികവും പൂർണ്ണവും ആക്കി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനവായ്പ (Palakkad Dist. Co.op Bank) | സ.ഉ (എം എസ്)90/2013 /തസ്വഭവ, തീ.14.3.2013 | 23106500 | 1821605 (മുൻ റിപ്പോർട്ട് പ്രകാരം) | 1429744/- (1/18-19 Dt24-6-18) 1570256/- 15/1819 Dt.16.6.18 | - | വിവരം ലഭ്യമല്ല |
| Unsecured Loan | വിവരം ലഭ്യമല്ല | | 999826 (മുൻ റിപ്പോർട്ട് പ്രകാരം) | - | - | വിവരം ലഭ്യമല്ല |
| ആകെ | - | - | ലഭ്യമല്ല | 3,00,000/- | | ലഭ്യമല്ല |

**നിർദ്ദേശം**

വായ്പയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയ ലോൺ രജിസ്റ്റർ ഹാജരാക്കേണ്ടതും അപ്രോപ്രിയേഷനിലെ കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം:12/19-20/17.1.22)

### 1-2-3 തനതുഫണ്ട് സൂക്ഷിപ്പിനായി രണ്ട് ബാങ്ക് അക്കൗണ്ടുകളുടെ ആവശ്യകത അറിയിക്കേണ്ടതാണ്.

2019-20 വാർഷിക കണക്കുകളുടെ സർട്ടിഫിക്കേഷന്റെ ഭാഗമായി കണക്കുകൾ തയ്യാറാക്കിയതിനാസ്പദമായ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ തനതുഫണ്ട് സൂക്ഷിപ്പിനായി താഴെപ്പറയും പ്രകാരം രണ്ട് ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നുണ്ട്.

വിജയ ബാങ്ക് അക്കൗണ്ട് നം: - 202601011000147

യൂ ബി ഐ അക്കൗണ്ട് നം: - 762702010004829

26-5-2011 തീയ്യതിയിലെ സർക്കുലർ നമ്പർ 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ പ്രകാരം തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. ട്രഷറി അക്കൗണ്ടിനു പുറമെ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രമാണ് തനത് വരുമാനം

നിക്ഷേപിക്കേണ്ടത്. എന്നാൽ തനത് ഫണ്ടിനായി വിജയ ബാങ്കിൽ അക്കൗണ്ട് നിലനിൽക്കുമ്പോൾ അതെ സമയം തന്നെ യൂ ബി ഐ- ൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/17-01-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഉത്തരവ് പാലിച്ച് ആവശ്യമായ അക്കൗണ്ടുകൾ നിലനിർത്തി അല്ലാത്തവ ക്ലോസ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40715568.87 |
| വരവ് | 85403893 |
| ആകെ | 126119461.87 |
| ചെലവ് | 89321600 |
| നീക്കിയിരിപ്പ് | 36797861.87 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 72192000 | 72192000 | 49443667 | 22748333 |
| പ്ലാൻ (SCP) | 0 | 21952000 | 21952000 | 15543571 | 6408429 |
| പ്ലാൻ (TSP) | 0 | 2080000 | 2080000 | 1223239 | 856761 |
| റോഡ്‌തരം (MG) | 0 | 8978000 | 8978000 | 6193495 | 2784505 |
| ആകെ | 0 | 105202000 | 105202000 | 72403972 | 32798028 |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 121284 | 12906 | 134190 | 134190 | 0 |
| എസ്.ജി.എസ്.വൈ | 70359 | 5615 | 75974 | 0 | 75974 |
| ഐ..ഡ്ബ്ളിയു.എം.പി | 44955 | 0 | 44955 | 0 | 44955 |
| എസ്.ഡി.എഫ്. എം.എൽ.എ | 438419.87 | 13413240 | 13851659.9 | 13110081.9 | 741641 |
| ARWSS | 1792 | 28 | 1820 | 0 | 1820 |
| ബി.ആർ.ജി.എഫ് | 1377895.5 | 0 | 1377895.5 | 1377895 | 0.50 |
| ഐ.എ.വൈ (ജനറൽ)(സെൻട്രൽ) | 1132500 | 0 | 1132500 | 1056526 | 75974 |
| SDF MLA | 1005722.87 | 0 | 1005722.57 | 0 | 1005722 |
| MP LAD | 438419 | 13413240 | 13851659 | 13110018 | 741641 |
| ഐ എ വൈ പ്ലാൻ/ പി എം എ വൈ (സംയുക്ത അക്കൗണ്ട്) | 23648049 | 10102219 | 33750268 | 5945941 | 27804327 |

എസ്.ജി.എസ്.വൈ, ഐ.ഡ്ബ്ളിയു.എം.പി, ARWSS, ബി.ആർ.ജി.എഫ് എന്നിവയുടെ മുന്നിരിപ്പുകകൾ മുൻ റിപ്പോർട്ടുകളിൽ നിന്നും വ്യത്യസ്ഥമാണ്.

## 1-4-1 ഫണ്ട് വിനിയോഗം -3.27 കോടി ലാപ്സായി

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്(%) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 72192000 | 72192000 | 49443667 | 22748333 | 68% |
| പ്ലാൻ (SCP) | 0 | 21952000 | 21952000 | 15543571 | 6408429 | 71% |
| പ്ലാൻ (TSP) | 0 | 2080000 | 2080000 | 1223239 | 856761 | 59% |
| റോഡിതരം (MG) | 0 | 8978000 | 8978000 | 6193495 | 2784505 | 69% |
| ആകെ | 0 | 105202000 | 105202000 | 72403972 | 32798028 | 69% |

തൻവർഷം ലഭ്യമായ 10.52 കോടി സർക്കാർ ഗ്രാന്റിൽ 7.24 കോടി ചെലവഴിക്കപ്പെട്ടു 3.27 കോടി ലാപ്സായി. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 133026037 | 120 | 70138005 | 20 | 62 | 59% |

വിശദ വിവരം ചുവടെ ചേർക്കുന്നു

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 0 | 4059308 | 520826 | 13% |
| വെറ്റിനറി സർജ്ജൻ | 3 | 3 | 0 | 337000 | 239575 | 71% |
| MO (CHC) | 3 | 3 | 0 | 1796919 | 1745644 | 97% |
| CDPO | 2 | 2 | 0 | 1595000 | 1572866 | 98% |
| സെക്രട്ടറി | 22 | 19 | 3 | 27194522 | 26113431 | 96% |
| അസി.എൻജിനിയർ | 160 | 85 | 75 | 85414288 | 35760673 | 42% |
| DEO | 3 | 3 | 0 | 3675000 | 848990 | 23% |
| SCDO | 4 | 3 | 1 | 4814000 | 3336000 | 69% |
| IEO | 3 | 0 | 3 | 4140000 | 0 | 0% |
| ആകെ | 202 | 120 | 82 | 133026037 | 70138005 | 59% |

ഓഡിറ്റ് നിർദ്ദേശം

മേൽ പട്ടിക പ്രകാരം വ്യവസായ ഓഫീസർ പ്രൊജക്ടുകൾ ഒന്നും നിർവ്വഹണം നടത്തിയിട്ടില്ല. പൂർണ്ണതോതിലുള്ള പദ്ധതി നിർവ്വഹണത്തിന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-01-2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പ് ഒന്നും തന്നെയില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.1.2019 മുതൽ 28.1.2019 | 2017-18 | 14.2.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.1.2017 മുതൽ 7.1.2017 | 1/2015 To 12/2016 | 29.3.2017 |

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഒട്ടും തൃപ്തികരമല്ല. വരവ് ചെലവ് രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ കാലിക മാക്കി സൂക്ഷിച്ചിട്ടില്ല. സ്ഥാപനത്തിലെ വരവ് ചെലവുകൾ സംബന്ധിച്ച അടിസ്ഥാന രേഖകളും രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്താതെയാണ് വാർഷികകണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചത്.
ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണം കാര്യക്ഷമമല്ല. വിവിധ സ്ഥലങ്ങളിൽ നിർമ്മാണം നടത്തി വരുന്ന വനിത വ്യവസായ കേന്ദ്രങ്ങൾ പൂർത്തീകരണം നടത്താനോ മതിൽ കെട്ടി സംരക്ഷിക്കാനോ നടപടി സ്വീകരിച്ചിട്ടില്ല. പല കേന്ദ്രങ്ങളും കൈയ്യേറ്റം നടന്നതായി പരാതികൾ ഉണ്ടായിട്ടും നടപടി ഉണ്ടായിട്ടില്ല. മറ്റ് സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാൻ വിട്ടുകൊടുത്തിട്ടുള്ള കെട്ടിടങ്ങൾ (ഉദാ:-വട്ടമ്പലം പ്ലാസ്റ്റിക്ക് സംസ്കരണ കേന്ദ്രം ) നിശ്ചിത കരാർ ചമച്ചതായി കാണുന്നില്ല. ഷോപ്പിങ് കോപ്ലക്സ് വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.
നിശ്ചിത ഫോറത്തിലുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും എല്ലാ ചെലവുകൾക്കും പെയ്മെന്റ് ഓർഡർ തയ്യാറാക്കി വൗച്ചറിൽ സൂക്ഷിക്കുന്നില്ല, അനുബന്ധം ബി-IV പ്രകാരമുള്ള സബ്സിഡിയറി ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. പ്രതിമാസ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-10 മിനുട്ട്സ് പരിശോധന-ബ്ലോക്ക് പഞ്ചായത്ത് യോഗം, സ്റ്റിയറിങ് കമ്മിറ്റി യോഗങ്ങൾ

1) ധനകാര്യ സ്റ്റാറ്റിങ്ങ് കമ്മിറ്റി മിനുട്ട്സ് - ആദ്യ വോള്യം (23-10-2019 വരെ) ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. 26-08-2019, 23-09-19 എന്നീ തിയ്യതികളിലെ യോഗ മിനുട്ട്സ് അദ്ധ്യക്ഷൻ അംഗീകരിച്ചിട്ടില്ല.

2)ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാറ്റിങ്ങ് കമ്മിറ്റി മിനുട്ട്സ് 09-03-20, 20-03-20 എന്നീ തിയ്യതികളിലെ യോഗ മിനുട്ട്സ് അദ്ധ്യക്ഷൻ അംഗീകരിച്ചിട്ടില്ല.

3)വികസന കാര്യ സ്റ്റാറ്റിങ്ങ് കമ്മിറ്റി മിനുട്ട്സ് 18-08-20, 28-07-20, 29-06-20 എന്നീ തിയ്യതികളിലെ യോഗ മിനുട്ട്സ് അദ്ധ്യക്ഷൻ അംഗീകരിച്ചിട്ടില്ല.

4)ക്ഷേമ കാര്യ സ്റ്റാറ്റിങ്ങ് കമ്മിറ്റി മിനുട്ട്സ്-12-08-20 ലെ യോഗ മിനുട്ട്സ് അദ്ധ്യക്ഷൻ അംഗീകരിച്ചിട്ടില്ല.
മിനുട്ട്സ് തയ്യാറാക്കി യഥാസമയം അംഗീകരിച്ച് ഒപ്പുവെയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ഷോപ്പിങ് കോംപ്ലക്സ് വാടക കുടിശ്ശിക – 126505/- ഈടാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള കെട്ടിടങ്ങളിലെ റൂമുകൾ വാടകക്ക് നൽകിയിരിക്കുന്നതിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു :

| കെട്ടിടത്തിന്റെ പേര് | ആകെ മുറികൾ | വാടകയ്ക്ക് നൽകിയത് | ഒഴിവുള്ളത് |
|---|---|---|---|
| നെല്ലിപ്പുഴ ബിൽഡിംഗ് | 19 | 15 | 04 |
| വട്ടമ്പലം | 08 | 06 | 02 |

| | | | |
|---|---|---|---|
| ബിൽഡിംഗ് | | | |
| ബ്ലോക്ക് കോമ്പൗണ്ട് | 06 | 04 | 02 |
| ആര്യമ്പാവ് | 02 | 02 | 0 |
| ആകെ | 35 | 27 | 08 |

വാടക രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധനയ്ക്ക് വിധേയമാക്കിട്ടുണ്ട്. വാടക പിരിവ് കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് വാടക രജിസ്റ്ററിൽ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

2020-21 വർഷത്തെ കടമുറികളുടെ വാടക കുടിശ്ശികയായി 126505/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നമ്പർ | ഉടമ- വിലാസം | കുടിശ്ശിക വിവരം | തുക |
|---|---|---|---|
| 1 | നജീം, അമ്പടത്ത്, പയ്യനടം | 06/ 2020 മുതൽ 3/21 | (6715*10)-67150 |
| 2 | ശോഭന, ഭീമനാട്, സൗഭാഗ്യ കുടുംബശ്രീ | 7/20 മുതൽ 3/21 | 3970*9- 35730 |
| 3 | ഫാത്തിമ, തട്ടരേക്കാടൻ | 7/20 മുതൽ 3/21 | 2625*9-23625 |
| ആകെ | | 126505/- | |

കുടിശ്ശിക തുക പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-11-1 ബ്ലോക്ക് പഞ്ചായത്ത് വിവിധ ഷോപ്പിംഗ് കോംപ്ലക്സ് - ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയില്ല

ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയതായി കാണുന്നില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി ഗ്രാമ വികസന കമ്മീഷണറുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 രശീതി വരവ് യഥാസമയം ബാങ്കിൽ അടവാക്കുന്നില്ല-19222/-രൂപ അടവിൽ കുറവ്

1-04-2019 മുതൽ 3-02-2020 കാലയളവിൽ വരവ് പരിശോധിച്ചതിൽ ചില ദിവസങ്ങളിലെ വരവുകൾ യഥാസമയം അടവാക്കാതെ ഹെഡ് അക്കൗണ്ടന്റ് കൈവശം വെയ്ക്കുകയും പിന്നീട് മറ്റൊരു ദിവസം അടവാക്കുന്ന പ്രവണതയാണ് കാണുന്നത്. തനത് ഫണ്ടിനായി സ്ഥാപനം രണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നുണ്ട്. വിജയ ബാങ്കിലും (202601011000147) , യൂ ബി ഐ (4829) . ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റും സാംഖ്യ നിന്നുമുള്ള ഡെയിലി റിപ്പോർട്ടിൽ വന്ന തുകകളും പരിശോധിച്ചതിൽ 45,951/-രൂപ ബാങ്കിൽ അടവാക്കിയതായി കാണുന്നില്ല.

| വിജയ ബാങ്കിൽ 1-04-2019 മുതൽ 31-03-2020 വരെ ക്രഡിറ്റ് ആയ തുക- | യൂ ബി ഐ 1-04-2019 മുതൽ 31-03-2020 വരെ ക്രഡിറ്റ് ആയ തുക- | സാംഖ്യ നിന്നുമുള്ള ഡെയിലി റിപ്പോർട്ടിൽ വന്ന തുക |
|---|---|---|
| 1,56090- | 5,77103- | 7,79144 |
| ആകെ ക്രഡിറ്റ് ആയ തുക | | 7,33193/- |
| വ്യത്യാസം (ബാങ്കിൽ അടവാക്കാത്ത തുക ) | | 45951/- രൂപ |

തുടർന്ന് ഇന്റേണൽ പരിശോധനയിൽ തുക അടവാക്കാത്തത് കണ്ടെത്തുകയും ടിയാൻ 26729/-അടവാക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | തിയതി/രസീതി നമ്പർ | തുക |
|---|---|---|
| 1 | 1-04-2019 | 9796 |
| 2 | 1-7-2019 | 4467 |
| 3 | 26-07-2019 | 1500 |
| 4 | 26-07-2019 | 1500 |
| 5 | 30-07-2019 | 2241 |
| 6 | 1-08-2019 | 3595 |
| 7 | 14-08-2019 | 1500 |
| 8 | 21-10-2019 | 1500 |
| 9 | 3-02-2020 | 630 |
| | ആകെ | 26729 |

| | |
|---|---|
| ബാങ്കിൽ അടവാക്കാത്ത തുക | 45951/- രൂപ |
| 03-07-2020 ൽ എച്ച് എ നിന്നും ഈടാക്കിയ തുക | 26729/- |
| ബാക്കി ഈടാക്കുവാനുള്ള തുക | 19222/- |

1) 1-04-2019 മുതൽ 31-03-21 വരെ വരവു വന്ന തുക ബാങ്കിൽ അടവാക്കിയതാണ് പരിശോധിച്ചിട്ടുള്ളത്. ഇതിനു മുൻപ് ഹെഡ് അക്കൗണ്ടന്റ് കൃത്യമായി ബാങ്കിൽ അടവുവരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുകയും കുറവായി എന്തെങ്കിലും കണ്ടെത്തിയിട്ടുണ്ടെങ്കിൽ ആയതും കൂടി ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്.

2) തനത് ഫണ്ടിന് ഒരേ സമയം രണ്ട് അക്കൗണ്ടുകൾ സൂക്ഷിച്ചിട്ടുണ്ട്. പണം അപഹരിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം:24/19-20/25.1.22) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി അടവാക്കേണ്ടതാണ്.

## 1-13 മരാമത്ത് -റീടെൻഷൻ തിരികെ നൽകൽ രേഖകൾ ഹാജരാക്കിയിട്ടില്ല

സാമ്പത്തിക വർഷത്തിൽ കോൺട്രാക്ടർമാരുടെ റിറ്റെൻഷൻ തുകകൾ തിരികെ നൽകിയ ഫയലുകളിലൊന്നും വർക്ക് ബില്ലിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി വെച്ചിട്ടില്ല. ആയതിനാൽ തിരികെ നൽകിയ തുകയുടെ ആധികാരികത ഉറപ്പ് വരുത്താൻ കഴിയുന്നില്ല. റിറ്റെൻഷൻ തിരികെ നൽകിയിരിക്കുന്നത് Liability Head ൽ നിന്നല്ല. Liability Head ൽ വരവിലെടുത്ത് അതേ ഹെഡിൽ ചെലവ് രേഖപ്പെടുത്തേണ്ട ഇനങ്ങൾ GPG/തനത് ഫണ്ടിൽ നിന്ന് 2 ൽ തുടങ്ങുന്ന ഹെഡിൽ ചെലവ് രേഖപ്പെടുത്തുന്നത് ശരിയായ രീതിയല്ല. നടപടി ക്രമങ്ങൾ പാലിക്കാതെ തുക നല്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം:19/19-20/22.2.22) അക്കൗണ്ടിങ് പ്രൊസീജിയർ പാലിച്ച് വിനിയോഗം നടത്തേണ്ടതാണ്.

1-14 TSC ഫണ്ട് വകമാറ്റി ചെലവഴിച്ചു

ബ്ലോക്ക് പഞ്ചായത്തിന്റെ Land Tax നൽകുന്നതിന് എന്ന് രേഖപ്പെടുത്തി TSC ഫണ്ടിൽ നിന്ന് താഴെ പറയും പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്

ചെക്ക് നം- 745589/തി.17.09.2019 തുക - 11200/- രൂപ

ഈ തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഫണ്ട് വകമാറ്റി ചെലവഴിച്ചത് ക്രമപ്രകാരമല്ല ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം :20/19-20/22.1.22)

1-15 ക്ഷീരവികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ/പ്രിന്റർ വാങ്ങൽ - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല

| പ്രൊജക്റ്റ് നമ്പർ-130/20 | അടങ്കൽ | ചെലവ് |
|---|---|---|
| ക്ഷീരവികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ/പ്രിന്റർ വാങ്ങൽ | 75000/- | 49600/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- ഡി ഇ ഒ | ബിൽ നം. 1/19-20 | |

18-11-2017-ലെ സ.ഉ(എം.എസ്)24/2017/ഐ.ടി.ഡി നമ്പർ ഉത്തരവിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ (Cprcs.kerala.gov.in) മുഖേന മാത്രം വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതും ഇതിനായി സ്റ്റോർ പർച്ചേസ് മാനുവലിൽ 7.52 എന്ന ഖണ്ഡിക കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുള്ളതുമാണ്. 01-02-2018 -ലെ സ.ഉ(ആർ.ടി)25/2018/ഐ.ടി.ഡി നമ്പർ ഉത്തരവിൽ ഐ.ടി വകുപ്പ് ഇതുമായി ബന്ധപ്പെട്ട തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പാലിക്കാതെ ഇതിനായി ടെണ്ടർ വിളിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ SYS WORLD, തിരുവാഴിയോട് എന്ന സ്ഥാപനത്തിന്റെ 10-10-19ലെ-SYS-320 നമ്പർ ഇൻവോയ്സ് പ്രകാരമാണ് ഇവ വാങ്ങിയിട്ടുള്ളത്. തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ( Canara Bank-1536201000226) .

തുടർ വർഷങ്ങളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

1-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-രേഖകൾ ഹാജരാക്കിയിട്ടില്ല-18,00,000/- തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പട്ടികജാതി വിഭാഗത്തിൽപെട്ടതും, ദരിദ്രരുമായ കുടുംബങ്ങളിലെ സർക്കാർ/എയിഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി, മുതൽ സമാന കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി സ്വന്തം വീടുകളിൽ അടിസ്ഥാന സൗകര്യമൊരുക്കി നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഇതിനായി മേൽ വിഭാഗക്കാർക്ക് അവരവരുടെ വീടുകളിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകാം. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് പേര്, നമ്പർ | അടങ്കൽ 21,50000/- | ചെലവ് |
|---|---|---|
| പട്ടികജാതി വിദ്യാർത്ഥികൾക്ക് | 21,50000/- | 18,00000/- |

| | | |
|---|---|---|
| പഠനമുറി | | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ : പട്ടിക ജാതി വികസന ഓഫീസർ | ബിൽനം. തീയ്യതി<br>1/19-20, 7/5/19<br>2/19-20, 8/8/19<br>4/19-20, 7/9/19<br>5/19-20, 28/9/19<br>6/19-20, 15/10/19<br>8/19-20, 29-10-19<br>9/19-20, 18/01/20 | തുക<br>9,50000-<br>300000<br>200000<br>100000<br>100000<br>50000<br>100000 |
| | ആകെ | 1800000/- |

29/01/2018ലെ സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുവാൻ സർക്കാർ താഴെ പറയുന്ന നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (ഖ 7.2.17)

. നിലവിലുള്ള ഒരു മുറി പഠനമുറി ആക്കാതെ പുതിയ മുറി നിർമ്മിക്കണം.

. നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വീസ്തീർണ്ണമുള്ളതായിരിക്കണം.

. നിർമ്മിക്കുന്ന പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുണ്ടായിരിക്കണം.

. 2 ലക്ഷം രൂപ വരെ ധനസഹായം നൽകാം

ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നും അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് വാങ്ങി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

എ) പഞ്ചായത്ത് ഗ്രാമസഭകൾ അംഗീകരിച്ച സാക്ഷ്യപ്പെടുത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റ്.

ബി) അപേക്ഷകർ കെട്ടിട നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തുകളിൽ നൽകിയ പ്ലാനിന്റെ പകർപ്പ്.

സി) എസ്റ്റിമേറ്റ് തയ്യാറാക്കിയത് പരിശോധിച്ച എഞ്ചിനീയറുടെ സാക്ഷ്യപത്രങ്ങൾ.

ഡി) ഗ്രാമപഞ്ചായത്തുകളിൽ നിന്ന് കെട്ടിട നിർമ്മാണത്തിന് ലഭിച്ച അനുമതി പത്രങ്ങൾ (ബിൽഡിംഗ് പെർമിറ്റ്).

ഇ) വിദ്യാർത്ഥികൾ പഠനം നടത്തുന്ന സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം.
എഫ് ) മോണിട്ടറിങ് റിപ്പോർട്ട്
രേഖകളുടെ അഭാവത്തിൽ ചെലവു തുക 18,00,000/- തടസ്സപ്പെടുത്തുന്നു.

1-17 കോൺട്രാക്ടറിൽ നിന്നും IT ഈടാക്കിയിട്ടില്ല

സാമ്പത്തിക വർഷത്തിൽ ബ്ലോക്കിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ ODF ചുമരെഴുത്തും ബോർഡ്

സ്ഥാപിക്കലും പ്രവർത്തികൾ നടത്തിയതിന് കോൺട്രാക്ടർ ശ്രീ.മുഹമ്മദ് അലിക്ക് 155150/- രൂപ നൽകിയതായി ഫയൽ ഉണ്ട് (നം.ബി/ജനറൽ/2019. TSC യിൽ നിന്ന് പേമെന്റ് ഓർഡർ 51900202 (തിയ്യതി ഇല്ല.) ടിയാന്റെ കൈപ്പറ്റ് രസീത് ഫയലിൽ ഉണ്ട്. എന്നാൽ TSC ഫണ്ടിന്റെ ബാങ്ക് ബുക്കിൽ ഈ പേമെന്റ് രേഖപ്പെടുത്തിയിട്ടില്ല. 30000/- രൂപക്ക് മുകളിൽ നൽകുമ്പോൾ ആദായ നികുതി നിയമം 194 (C) പ്രകാരം സ്രോതസ്സിൽ ഈടാക്കേണ്ട 1% (1551 രൂപ )തുക ഈടാക്കിയിട്ടില്ല. തുക ഈടാക്കി അടവാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം:21/19-20/22/1/22.

1-18 നടപടിക്രമങ്ങൾ പാലിക്കാതെ താൽക്കാലിക ജീവനക്കാരെ നിയമിച്ചത് സംബന്ധിച്ച്

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊ.നം38 പദ്ധതി രൂപീകരണ നിർവ്വഹണ ചെലവുകൾ എന്ന പദ്ധതിക്ക് വകയിരുത്തിയ വികസനഫണ്ടിൽ നിന്ന് താഴെപറയുന്ന തുകകൾ ചെലവഴിച്ചതിൽ അപാകമുണ്ട്.

| ക്രമ നം. | ചെലവ് തുക | കൈപ്പറ്റിയ വ്യക്തി | ചെലവ് ഇനം | ബിൽ നം |
|---|---|---|---|---|
| 1 | 5000/- | സി.സി.നിത | പദ്ധതികളുടെ ഡാറ്റാ എൻട്രി ദിവസ വേതനം 08/2019 | 34/11.10.19 പ്രകാരം പിൻവലിച്ച 12314/- ൽ ഉൾപ്പെട്ട തുക. |
| 2 | 5000/- | ബൾക്കീസ്. കെ.പി | -ടി- 01/20 | 48/31.1.20 |
| 3 | 5000/- | ബൾക്കീസ്. കെ.പി | -ടി-02/20 | 55/28.2.20 |
| 4 | 5000/- | ബൾക്കീസ്. കെ.പി | -ടി-03/20 | 09/30.4.20 |
| ആകെ | 20000 | | | |

1. താൽക്കാലിക നിയമനം നടത്തിയ കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിൽ Sactioned Strength ൽ എല്ലാ ജീവനക്കാരും ഹാജരായിരുന്നു.

2. താൽക്കാലിക നിയമനം സംബന്ധിച്ച ഭരണസമിതി തീരുമാനം ഫയലിൽ ഇല്ല.

3 മേൽ സൂചിപ്പിച്ച ദിവസ വേതനക്കാരുടെ സാക്ഷ്യപ്പെടുത്തിയ മസ്റ്റർ റോളുകൾ ഫയലിൽ ഇല്ല.
4.സർക്കാരിൽ നിന്ന് മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ പ്രസ്തുത ചെലവ് അംഗീകരിക്കാവുന്നതല്ല. ഇത് സംബന്ധിച്ച രേഖകളോ വിശദീകരണമോ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം: 22/19-20/22.1.22.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ പ്രസ്തുത ചെലവ് അംഗീകരിക്കാവുന്നതല്ല. ഇത് സംബന്ധിച്ച രേഖകളോ വിശദീകരണമോ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം:22/19-20/22.1.22.

1-19 NCFRW വർക്ക് -കൺവീനർക്ക് അധിക തുക അനുവദിച്ചു

ബി.ഡി.ഒ നിർവ്വഹണംനടത്തിയ NCFRW (National Calamity Flood Relief Work ) പ്രവർത്തികളിൽ താഴെ പറയുന്ന പ്രൊജക്ടുകളിൽ (2014-D.S.R COST INDEX 31.06%)-കൺവീനർ മുഖേന നിർവ്വഹണം നടത്തുന്നത്) മരാമത്ത് പ്രൊജക്ടുകളുടെ എസ്റ്റിമേറ്റിൽ ഓരോ ഐറ്റത്തിലും 15 % 'OVER HEAD CHARGES' ആയി (ടാക്സ് പ്രൊവിഷൻ -VAT/GST,IT,W.Fഎന്നിവ അടവാക്കാൻ) ഉൾപ്പെടുത്തിയണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് (ഡിറ്റെയ്ൽഡ് എസ്റ്റിമേറ്റ് കാണുക ) 10/2018 മുതൽക്ക് ഗുണഭോക്തൃ കമ്മറ്റികൾ GST അടവാക്കേണ്ടതില്ലാത്തതിനാൽ ആയതും അടവാക്കിയിട്ടില്ല. എന്നാൽ GO(P)NO 30/2016

/FIN/29.2.2016 ഉത്തരവ് പ്രകാരം 7.5 % മാത്രമാണ് അനുവദനീയമായിട്ടുള്ളത്. മേൽ പ്രകാരമുള്ള 15 ശതമാനത്തിൽ VAT/GST/IT/W.F പ്രൊവിഷൻ തുകയായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് IT 2% ,W.F 1% മാത്രം ബില്ലിൽ കുറവ് ചെയ്യുകയും ബാക്കി തുക കൺവീനർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. LSGD ചീഫ് എൻജിനീയറുടെ DB-3/6512(B)/2013/CE/LSGD 29.12.2016 ഉത്തരവിൽ ഗുണഭോക്തൃ കമ്മറ്റികൾ മുഖേന നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവർത്തികൾക്ക് OVER HEAD ചാർജ്ജ് ആയി 7.5 % അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന പ്രവർത്തികളിൽ നിന്ന് 7.5% വീതം കുറവ് ചെയ്യാതെ കൺവീനർക്ക് തുക അധികമായി അനുവദിച്ചത് മൂലം ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരത്തിന് ഖണ്ഡിക 3(1) കാണുക.

1-20 മരാമത്ത് -കരാർ ചമയ്ക്കുന്നതിൽ കാലതാമസം ഫൈൻ ഈടാക്കിയിട്ടില്ല.65367/-രൂപ നഷ്ടം

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയ്യതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എക്സി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കാതെ ബിൽ അനുവദിച്ചതായി കണ്ടെത്തി. ഈയിനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം ബന്ധപ്പെട്ട കോൺട്രാക്ടർമാരിൽ നിന്ന് ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 143/20-പുഞ്ചപ്പാടം നായാടി കോളനി കുടിവെള്ള പദ്ധതി<br>അടങ്കൽ - 500000-Plan(SCP)<br>APAC- 499152/-<br>കരാറുകാരൻ.ശ്രീ.അവറാൻ<br>എഗ്രിമെന്റ് നം. 90/17-18/ 19.3.18<br>ബിൽനം:1/19-20/30.4.19<br>തുക :470849<br>എം.ബുക്ക് നം:98/18-19 | 18-1-2018 | 31-1-2018 | 19-3-2018 | 4991 |

| | | | | | |
|---|---|---|---|---|---|
| 2 | 142/20 -പൂന്തുരുത്തി DWSS കുമരംപുത്തൂർ<br>അടങ്കൽ.1000000Plan(GEN)<br>APAC- 994108<br>കരാർ: അഷ്റഫ് അലി<br>എഗ്രിമെന്റ് നം.: 55/17-18 /29.11.2017<br>ബിൽനം:5/19-20/ 30.4.2019 -219137/-<br>എംബുക്ക് നം:102/18-19 | 10-11-2017 | 23-11-2017 | 29-11-2017 | 9941 |
| 3 | 146/20 -കൊന്നാരം അംഗനവാടി(കാഞ്ഞിരപ്പുഴ)<br>അടങ്കൽ - 800000(പ്ലാൻ )<br>APAC- 691122/-<br>കരാർ -അജിത്ത് പ്രസാദ്<br>എഗ്രിമെന്റ് നം:25/18-19 /16.8.2018 | 1-8-2018 | 13-8-2018 | 16.8.2018 | 6911 |
| 4 | 147/20 -ചളവ കുടിവെള്ള പദ്ധതി(അലനല്ലൂർ )<br>അടങ്കൽ - 500000(പ്ലാൻ)<br>APAC- 384066/-<br>കരാർ-അഷ്റഫ് അലി<br>എഗ്രിമെന്റ്നം:63/18-1 /22.10.2018 | 3-10-2018 | 16-10-2018 | 22-10-2018 | 3840 |
| 5 | 148/20 -മൊഴമറ്റം കുടിവെള്ള പദ്ധതി<br>അടങ്കൽ - 600000(പ്ലാൻ)<br>APAC- 201505/-<br>കരാർ-സാദത്ത് അലി<br>എഗ്രിമെന്റ്നം:32/18-19 /21.8.2018 | 1-8-2018 | 13-8-2018 | 21-08-2018 | 2015 |
| 6 | 163/20 -അലനല്ലൂർ CHC റിപ്പയർ<br>അടങ്കൽ - 1000000(MGNR)<br>APAC- 687262/-<br>കരാർ-ഷാഹുൽ ഹമീദ്<br>എഗ്രിമെന്റ്നം:28/18-19/ 17.8.2018 | 1-8-2018 | 13-8-2018 | 17-8-2018 | 6872 |

| | | | | | |
|---|---|---|---|---|---|
| 7 | 155/20 -വനിത വ്യവസായ കോംപ്ലക്സ്(കരിമ്പ )<br>അടങ്കൽ - 1500000(പ്ലാൻ)<br>APAC- 1213413/-<br>കരാർ-റെജി എബ്രഹാം<br>എഗ്രിമെന്റ്നം:54/AEE/17-18 /29.11.17 | 11.11.2017 | 114.11.2017 | 29.11.2017 | 12134 |
| 8 | 157/20 -CHC ടോയ് ലറ്റ് നിർമ്മാണം(അലനല്ലൂർ)<br>അടങ്കൽ - 800000(പ്ലാൻ)<br>APAC- 588340/-<br>കരാർ-അദ്നാൻ ഹുസൈൻ<br>എഗ്രിമെന്റ്നം:18/AEE/17-18 /17.10.17 | 05.9.2017 | 18.9.2017 | 17.10.2017 | 5883 |
| 9 | 189/20-കുറീലപ്പുറം Sc കോളനി കുടിവെള്ള പദ്ധതി (കോട്ടോപ്പാടം)<br>അടങ്കൽ - 1400000(പ്ലാൻ)<br>APAC- 1278041/-<br>കരാർ-ഗോവിന്ദൻകുട്ടി<br>എഗ്രിമെന്റ്നം:64/AEE/ 18-19/23.10.18 | 03.10.2018 | 16.10.2018 | 23.10.2018 | 12780 |
| ആകെ | | | | | 65367 |

ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം 65367/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 2/19-20/18.1.22) മറുപടി സമർപ്പിച്ചിട്ടില്ല.

1-21 മരാമത്ത് -പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ-251220/-രൂപ നഷ്ടം

